# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.694 11.06.2014 - ൽ മറുപടിയ്ക്ക്

### ചോരക്കുഞ്ഞിന്റെ ജഡം പ്ലാസ്റ്റിക് കൂടയിലാക്കി മാതാവിനു നൽകിയെന്ന പരാതി

| ചോദ്യം<br>ശ്രീ. വി. ശിവൻകുട്ടി | മറുപടി<br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| തിരുവനന്തപുരം എസ്.എ. റ്റി. ആശുപത്രിയിൽ ചോരക്കുഞ്ഞിന്റെ ജഡം പ്ലാസ്റ്റിക് കൂടയിലാക്കി മാതാവിനു നൽകിയതു സംബന്ധിച്ചുള്ള അന്വേഷണത്തിന്റെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | എസ്.എ.റ്റി. ആശുപത്രിയിൽ നവജാത ശിശുവിന്റെ മൃതദേഹം കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട പരാതി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഫോറൻസിക് വിഭാഗം മേധാവി ഉൾപ്പെട്ട ഒരു സമിതിയെ അന്വേഷണത്തിന് നിയോഗിക്കുകയും സമിതി അന്വേഷണം നടത്തി റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസവത്തിനു മുൻപു തന്നെ ഗർഭസ്ഥശിശു മരണമടയുകയും ടി മൃതദേഹം നിയോനാറ്റോളജി ആക്ടിൽ നിഷ്കർഷിക്കുന്ന പ്രകാരം പ്ലാസ്റ്റിക് കണ്ടെയ്നറിൽ കൊണ്ടുപോകാനായി നൽകുകയും ചെയ്തു. അവധി ദിവസമായതിനാൽ ആംബുലൻസ് നൽകുന്നതിന് കുറഞ്ഞ ഒരു കാലതാമസമുണ്ടായി. ഇതാണ് പരാതിക്കടിസ്ഥാനമായി അന്വേഷണത്തിൽ കണ്ടെത്തിയത്. പ്രസ്തുത സംഭവത്തിൽ ഏതെങ്കിലും ആശുപത്രി ജീവനക്കാർക്ക് ഉത്തരവാദിത്വമുള്ളതായി കണ്ടെത്തിയിട്ടില്ല. മൃതദേഹത്തിനോട് അനാദരവ് കാട്ടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതിനാൽ ആർക്കെങ്കിലും എതിരെ നടപടി സ്വീകരിക്കേണ്ട അവസ്ഥയില്ല. എന്നിരുന്നാലും ഇത്തരം പരാതികൾ മേലിൽ ഉണ്ടാകാതിരിക്കാനായി എസ്.സി/എസ്.ടി വികസന വകുപ്പുമായി ബന്ധപ്പെട്ട് ഒരു കോ- ഓർഡിനേറ്ററെ അവധി ദിവസങ്ങളിൽ ഉൾപ്പെടെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്<br><br>പ്രസ്തുത കേസിൽ പട്ടികജാതി/ പട്ടികവർഗ്ഗ കമ്മീഷൻ സ്വമേധയാ കേസെടുക്കുകയും നേരിട്ടെത്തി അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി/ പട്ടികവർഗ്ഗ ഗോത്ര കമ്മീഷന് എസ്.എ.റ്റി. ആശുപത്രി സൂപ്രണ്ട് വിശദീകരണം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ